# കേരള കാർഷിക സർവ്വകലാശാല
# ജില്ലാ കാർഷിക കാലാവസ്ഥ യുണിറ്റ്
# കൃഷി വിജ്ഞാന കേന്ദ്രം, പാലക്കാട്

ഫോൺ: 0466 2212279 ഇമെയിൽ: kvkpalakkad@kau.in

## കാർഷിക കാലാവസ്ഥ ഉപദേശക ബുള്ളറ്റിൻ
## പാലക്കാട് ജില്ല

കേരള കാർഷിക സർവ്വകലാശാലയുടെയും ഇന്ത്യൻ കാലാവസ്ഥ വിഭാഗത്തിന്റെയും പാലക്കാട് ജില്ല കാർഷിക കാലാവസ്ഥ യൂണിറ്റിന്റെയും കേരള കൃഷിവകുപ്പിന്റെയും സഹകരണത്തോടെ തയ്യാറാക്കുന്നത്.

**എ.എ.എസ്. 56/2020 (വെള്ളിയാഴ്ച)** **തീയ്യതി:25.09.2020**

### അടുത്ത 5 ദിവസത്തെ കാലാവസ്ഥ പ്രവചനം

| കാലാവസ്ഥാ ഘടകങ്ങൾ | 26.09.2020 | 27.09.2020 | 28.09.2020 | 29.09.2020 | 30.09.2020 |
|---|---|---|---|---|---|
| മഴ (മില്ലി മീറ്റർ ) | 4 | 1 | 1 | 3 | 5 |
| ഉയർന്ന താപനില (°C) | 31 | 31 | 31 | 31 | 31 |
| കുറഞ്ഞ താപനില (°C) | 25 | 25 | 25 | 25 | 25 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 95 | 95 | 95 | 95 | 95 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 87 | 87 | 87 | 87 | 87 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/ മണിക്കൂർ) | 10 | 10 | 10 | 10 | 10 |
| കാറ്റിന്റെ ദിശ (ഡിഗ്രി) | 250 | 270 | 270 | 270 | 270 |
| മേഘവ്യാപ്തി (ഒക്ട) | 8 | 7 | 6 | 7 | 7 |
| ജില്ലയിൽ വരും ദിവസങ്ങളിൽ നേരിയ മഴ പ്രതീക്ഷിക്കുന്നു. കൂടിയ താപനില 31°C വരെ എതാൻ സാധ്യത.. | | | | | |

**പൊതു നിർദ്ദേശങ്ങൾ**: കീട രോഗ സാധ്യത കൂടിയ സാഹചര്യമായതിനാൽ കൃത്യമായി വിളകൾ നിരീക്ഷിക്കുകയും തുടക്കത്തിൽ തന്നെ അവയെ നിയന്ത്രിക്കാൻ ശ്രമിക്കുകയും ചെയ്യുക.

### കാർഷിക നിർദ്ദേശങ്ങൾ

| വിളകൾ | രോഗ കീടങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് | ഇലപ്പേൻ | നെൽപ്പാടങ്ങളിൽ ഇലപ്പേനിന്റെ ആക്രമണം അധികരിച്ചു വരുന്നുണ്ട്. ചെറു പ്രാണികൾ ഇലകളിൽ നിന്ന് നീരൂറ്റിക്കുടിക്കുന്നതു മൂലം ഇലകളുടെ അഗ്ര ഭാഗം സൂചിപോലെ ചുരുണ്ടു ഇലകൾ കരിഞ്ഞു പോകുന്നതാണ് ലക്ഷണം. വെള്ളത്തിൽ കൈ നനച്ചു നെല്ലിന് മുകളിലൂടെ ഓടിച്ചാൽ കൈകളിൽ ചെറു പ്രാണികൾ പറ്റിപ്പിടിച്ചിരിക്കുന്നതു കാണാം. ഞാറ്റടിയിൽ ഇലപ്പേൻ കണ്ടുതുടങ്ങിയാൽ ഞാറു മുങ്ങുന്നത് വരെ വെള്ളം കയറ്റി 20 മിനിറ്റു നിർത്തിയ ശേഷം ഒഴുക്കി കളയുക. അല്ലെങ്കിൽ അസാഡിറാക്റ്റിൻ അടങ്ങിയ കീടനാശിനി നിർദ്ദേശിച്ചിട്ടുള്ള തോത് പ്രകാരം തളിച്ച് കൊടുക്കുക. |
| ഇഞ്ചി | മൂട് ചീയൽ | ഇഞ്ചിയിൽ മൂട് ചീയൽ രോഗം ശ്രദ്ധയിൽപ്പെട്ടാൽ 3 ഗ്രാം കോപ്പർ ഓക്സി ക്ലോറൈഡ് ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി ചുവട്ടിൽ ഒഴിച്ച് കൊടുക്കുക. |
| മുളക് | വെള്ളീച്ച | മുളകിൽ വെള്ളീച്ചകളുടെ ആക്രമണം കണ്ടു വരുന്നുണ്ട്. ഇവയെ നിയന്ത്രിക്കുന്നതിനായി തോട്ടങ്ങളിൽ മഞ്ഞക്കെണികൾ സ്ഥാപിക്കുക. ആഴ്ചയിൽ ഒരിക്കൽ 2 % വീര്യമുള്ള വേപ്പെണ്ണ വെളുത്തുള്ളി മിശ്രിതം തളിക്കുക. അല്ലെങ്കിൽ 20 ഗ്രാം ലക്കാനിസീലിയം ലക്കാനി എന്ന മിത്ര കുമിൾ ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. |
| വഴുതന | വാട്ടരോഗം | വഴുതനയിൽ കണ്ടുവരുന്ന വാട്ടരോഗം തടയുന്നതിനായി 3 ഗ്രാം കോപ്പർ ഓക്സി ക്ലോറൈഡ് ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി ചുവട്ടിൽ ഒഴിച്ച് കൊടുക്കുക. |
| പച്ചക്കറി | മീലിമൂട്ട | പച്ചക്കറികളിൽ കണ്ടു വരുന്ന മീലിമൂട്ടകളെ തടയുന്നതിനായി അസാഡിറാക്റ്റിൻ അടങ്ങിയ കീടനാശിനികൾ നിർദ്ദേശിച്ചിട്ടുള്ള തോത് പ്രകാരം തളിച്ച് കൊടുക്കുക. |